# IV ക്രമപ്രശ്നം

## ധനകാര്യ വകുപ്പുമന്ത്രി സഭയ്ക്ക് പുറത്ത് നടത്തിയ പരാമർശം

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഇന്നലെ ധനവിനിയോഗ ബില്ലിനെക്കുറിച്ച് നടന്ന ചർച്ചയിൽ ശ്രീ. വി. ഡി. സതീശൻ എഴുതിക്കൊടുത്ത അഴിമതി ആരോപണത്തിന് മറുപടി പറഞ്ഞ ധനകാര്യ വകുപ്പുമന്ത്രി ആരോപണങ്ങളെല്ലാം നിഷേധിച്ചു. കേന്ദ്ര നിയമവും കോടതി വിധിയുമാണ് ഇവിടെ എടുത്ത തീരുമാനങ്ങൾക്കെല്ലാം ആധാരമെന്ന് അദ്ദേഹം ഇവിടെ പറഞ്ഞു. അത് സംബന്ധിച്ച് ഒരു അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ സാദ്ധ്യമല്ല എന്നൊരു നിലപാടാണ് ധനകാര്യ വകുപ്പുമന്ത്രിയെടുത്തത്. ഈ കാര്യത്തിൽ ഒരു തലത്തിലും വീഴ്ചകളുണ്ടായിട്ടില്ല. അതുകൊണ്ട് അന്വേഷണവും പാടില്ലായെന്ന് പറഞ്ഞു. ഉദ്യോഗസ്ഥ തലത്തിൽ വന്നിട്ടുള്ള വീഴ്ചയെക്കുറിച്ച് വകുപ്പുതല അന്വേഷണം നടത്തുമെന്ന് സഭയിൽ പറഞ്ഞതിന് വിരുദ്ധമായി മന്ത്രി പുറത്ത് പറഞ്ഞു. ഏത് സാഹചര്യത്തിലാണ് നിയമസഭയ്ക്ക് അകത്ത് എടുത്ത നിലപാടിന് വ്യത്യസ്തമായി പുറത്ത് അദ്ദേഹം പറയാൻ ഇടയായത് എന്ന് ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, ഞാൻ സഭാ നടപടികളുടെ മിനിട്ട്സ് വായിക്കാം. "ശ്രീ. ആര്യാടൻ മുഹമ്മദ്" (മുന്നോട്ട് വായിക്കുന്നില്ല.) "എങ്ങനെ നിങ്ങൾ ടാക്സ് വാങ്ങും ? ആരാണ് ഏജന്റ്? സിക്കിം ഗവൺമെന്റിന്റെ കത്താണ്. ഇവിടെ കെന്നഡി എങ്ങനെ വന്നു. (ബഹളം) അന്വേഷിക്കാം, നിങ്ങൾ തമ്മിലുള്ള കത്തല്ലേ. സർക്കാരിന് വന്ന കത്തല്ലല്ലോ. ആ കത്ത് കാണാതെ ഞാൻ എന്ത് പറയാനാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : ഇപ്പോൾ മറുപടി മുട്ടിയപ്പോൾ പറയുന്ന കാര്യമാണ് അങ്ങ് പറഞ്ഞത്. ഇത്രയും സ്ട്രോങ് കേസാണെങ്കിൽ എന്തുകൊണ്ടാണ് സമഗ്രമായ ഒരു അന്വേഷണത്തിന് തയ്യാറാകാത്തത്?

ഡോ. തോമസ് ഐസക് : കാരണം ഇല്ലാത്ത ഒരു കാര്യത്തെക്കുറിച്ച്, ഇത്രയൊക്കെ ലോട്ടറി മാഫിയയ്ക്കുവേണ്ടി കേന്ദ്ര സർക്കാർ ചെയ്തശേഷം ഇവിടെ പ്രചരണത്തിന് ഇറങ്ങുമ്പോൾ ആയുധം നിങ്ങൾക്ക് വേണം എന്നല്ലേ ചോദിക്കുന്നത്. സമഗ്രമായ ഒരു അന്വേഷണമില്ല". എന്നാൽ നടപടിക്രമങ്ങളിൽ ആരെങ്കിലും വീഴ്ച്ച വരുത്തിയിട്ടുണ്ടോയെന്ന് ഈ കേസിലല്ല ഏത് കേസിലും അന്വേഷണം നടത്തുക എന്നുള്ളത് സർക്കാരിന്റെ ചുമതലയാണ്.

ഇവിടെ പ്രസക്തമായിട്ടുള്ള കാര്യം അഡ്വാൻസായി തലേ മാസം 1-ാം തീയതി വാങ്ങിക്കേണ്ട അഡ്വാൻസ് നികുതി വാങ്ങിക്കാതെ എന്നാണോ, ഏത് മാസത്തിലാണോ ലോട്ടറി സീരീസ് ആരംഭിച്ചത് ആ മാസം വാങ്ങിച്ചുവെന്നുള്ളതാണ്. അതിന് നിയമത്തിൽ വ്യവസ്ഥയുണ്ട്. വ്യവസ്ഥ



LIBRARY ARCHIVES Kerala Legislative Assembly

എന്താണെന്ന് വച്ചാൽ ഈ കാലതാമസം വന്ന കാലയളവിലേയ്ക്ക് 24% വാർഷിക പലിശ ഈടാക്കി വാങ്ങിക്കണമെന്നുള്ളതാണ്. ഈ പറഞ്ഞ ലോട്ടറി പ്രമോട്ടർ തന്നെ ഭൂട്ടാന്റെ രജിസ്ട്രേഷൻ ആവശ്യപ്പെട്ടപ്പോൾ അതിന് അഡ്വാൻസ് ടാക്സ് അടയ്ക്കാനായിട്ട് വന്നു. ആ അഡ്വാൻസ് ടാക്സ് സ്വീകരിച്ചില്ല. അതിനെ തുടർന്ന് കോടതിയിൽ പോയി. കോടതിയുടെ ജഡ്ജ്മെന്റ് ഞാൻ വായിക്കാം. Petitioners submit that they have sought to deposit 3 crores 10 lakhs rupees being the advance tax payable under the Act for the sale of lotteries in Kerala State. It is also stated that since there was a delay of two days in depositing the tax, an additional sum of Rs.40,000 being the interest was also submitted along with the tax and Kerala Government rejected it. ഇതാണ് കോടതിയുടെ ഉത്തരവ്, പിഴയോടുകൂടി സ്വീകരിക്കാനാണ്. അതിന്റെ അടിസ്ഥാനത്തിൽ ഇത് സ്വീകരിച്ചിട്ടുണ്ട്. അപ്പോൾ അന്വേഷിക്കുന്നത് എന്താണ് ? ഇത്തരത്തിൽ പിഴ ഈടാക്കിയിട്ടുണ്ടോ, ഇല്ലയോ എന്നതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരൊക്കെ ട്രെയിനിംഗ് പ്രോഗ്രാമിലാണ്. അതുകൊണ്ട് സെക്രട്ടറിയോട് അന്വേഷിച്ച് അതിന്റെ റിപ്പോർട്ട് തരണമെന്ന് പറഞ്ഞു. എന്താ തെറ്റ്. ഞാൻ എവിടെയാണ് സഭയിൽ പറഞ്ഞതിന് വിരുദ്ധമായിട്ട് ചെയ്തിട്ടുള്ളത് ?

ശ്രീ. ഉമ്മൻ ചാണ്ടി: ഇന്നലെ അങ്ങ് ഇവിടെ പറഞ്ഞത് ഈ രീതിയിലൊന്നുമല്ല. ഒരന്വേഷണവും ഇല്ല. അന്വേഷിക്കാൻ മനസ്സില്ല എന്ന് പറഞ്ഞു. ഒരു തലത്തിലും വീഴ്ച്ചകൾ വന്നിട്ടില്ല.

ഡോ. തോമസ് ഐസക്: ഡിബേറ്റ് ഡിമാൻഡിൽ ആകാം. സബ്മിഷൻ വച്ച് മറുപടി പറഞ്ഞാൽ ഡിബേറ്റ് സ്റ്റാർട്ട് ചെയ്യാമല്ലോ.

ശ്രീ. ഉമ്മൻ ചണ്ടി: ഉത്തരം മുട്ടുമ്പോൾ ഇതൊക്കെ പറയും. സാന്റിയാഗോ മാർട്ടിന്റെ പേര് പറയുമ്പോൾ അങ്ങ് എന്തിനാണ് ഇത്ര.....

ഡോ. തോമസ് ഐസക്: സാന്റിയാഗോ മാർട്ടിനും ജോൺ കെന്നഡിക്കും രജിസ്ട്രേഷൻ നൽകിയത് നിങ്ങളാണ്. ഞങ്ങളുടെ സർക്കാർ അധികാരത്തിൽ വന്നിട്ട് സാന്റിയാഗോ മാർട്ടിന്റെ ബന്ധു ജോൺ കെന്നഡിയുടെ രജിസ്ട്രേഷൻ റദ്ദാക്കി. റദ്ദാക്കിയതുകൊണ്ട് അവർ ഹൈക്കോടതിയിൽ പോയി. ഹൈക്കോടതിയിൽ കേരള സർക്കാർ തോറ്റു. എന്താണ് കാരണമെന്ന് അറിയാമോ ? ശ്രീ. വി. ടി. ഗോപാലൻ, കേന്ദ്രത്തിന്റെ വക്കീൽ വന്ന് ഇതിനുള്ള അധികാരം സംസ്ഥാന സർക്കാരിനില്ലെന്ന് വാദിച്ചതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ തോറ്റത്. എന്നിട്ടും നാണമില്ലേ നിങ്ങൾക്ക് ഇങ്ങനെയൊക്കെ പറയാൻ.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, യു.ഡി.എഫ്.-ന്റെ കാലത്ത് സംസ്ഥാന ലോട്ടറി പോലും നിരോധിച്ചുകൊണ്ട് സാന്റിയാഗോ മാർട്ടിനെയൊക്കെ പുറത്തുനിർത്തിയതാണ്. അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : യേസ്, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി.

ഡോ. തോമസ് ഐസക് : അതിനുശേഷമാണ് ഈ ജോൺ കെന്നഡിക്ക് നിങ്ങളുടെ ഭരണകാലത്ത് രജിസ്ട്രേഷൻ കൊടുത്തത്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അറിയാം. സാന്റിയാഗോ മാർട്ടിനോട് രൂപ വാങ്ങിയത് ആരാണ്? അത് തിരിച്ചുകൊടുത്തത് ആരാണ്? ആർക്കാണ് അറിയാൻ വയ്യാത്തത്. എനിക്ക് ഒരു കാര്യം കൂടി പറയാനുണ്ട്. കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയുടെ ഭാര്യ ഇവിടെ വന്ന് കേസ് വാദിച്ചു എന്ന് ഇന്നലെ അദ്ദേഹം പറഞ്ഞു. ഒരു കാര്യം അങ്ങയോട് പറയുന്നു, ശ്രീ. പി. ചിദംബരം ആഭ്യന്തര വകുപ്പുമന്ത്രിയായതിനുശേഷം അവർ ഇവിടെ വന്ന് ഒരു ലോട്ടറി കേസിലും ഹാജരായിട്ടില്ല.

ഡോ. തോമസ് ഐസക് : മന്ത്രിയാകുന്നതിനുമുമ്പ് ശ്രീ. പി. ചിദംബരം ലോട്ടറി കേസിൽ വാദിച്ചിട്ടുണ്ട്. മന്ത്രിയായതിനുശേഷം അദ്ദേഹത്തിന്റെ ഭാര്യ വാദിച്ചിട്ടുണ്ട്. ഇപ്പോൾ ആഭ്യന്തര വകുപ്പുമന്ത്രിയായതിനുശേഷം വാദിച്ചിട്ടില്ല, അല്ലേ. ആയിക്കോട്ടേ. അതുവരെയും തുടർച്ചയായിട്ട് കേസ് വാദിച്ചത് അദ്ദേഹത്തിന്റെ ഭാര്യയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഒരു പ്രാവശ്യം മാത്രമാണ് ..... (ബഹളം)..... അതിലെന്താണ് തെറ്റ് ? 2006-ൽ ഒരു പ്രാവശ്യം മാത്രം വന്നു. പക്ഷേ അങ്ങ് ഇന്നലെ പറഞ്ഞത് എന്താണ് ? ആഭ്യന്തര വകുപ്പുമന്ത്രി ആയതിനുശേഷമെങ്കിലും അതിന് ഒരുമാറ്റമുണ്ടാകേണ്ടായിരുന്നോ എന്നാണ് ചോദിച്ചത്.

ഡോ. തോമസ് ഐസക് : സർ, ഇപ്പോൾ പുന്നാര ആഭ്യന്തര മന്ത്രിയാണുള്ളത്. അതുകൊണ്ട് സംസ്ഥാനത്തിന് നടപടിയെടുക്കാനുള്ള അധികാരം ഒന്ന് തരണം. ഈ ചട്ടം ഒന്ന് ഭേദഗതി ചെയ്യണം.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, സംസ്ഥാനത്തിന് അധികാരം തരണമെന്നു തന്നെയാണ് ഞങ്ങളുടെ അഭിപ്രായം.

ഡോ. തോമസ് ഐസക് : .....(ബഹളം)..... നിങ്ങളുടെ അഭിപ്രായമല്ല ചോദിക്കുന്നത്. നിങ്ങളാണ് കേന്ദ്രം ഭരിക്കുന്നത്. നിങ്ങൾ കേന്ദ്രം ഭരിക്കുമ്പോൾ സംസ്ഥാന സർക്കാരിനോട് കേസ് എടുക്കാൻ അവകാശമുണ്ടെന്ന് സുപ്രീം കോടതി ഇന്റിം വിധി തന്ന് ഫൈനൽ വിധിക്ക് നിൽക്കുമ്പോൾ തിരക്കുപിടിച്ച് ചട്ടം ഇറക്കിയിട്ട് സംസ്ഥാനത്തിന്റെ മുഴുവൻ അധികാരങ്ങളും കവർന്നിട്ട് ഇവിടെ വന്ന് ന്യായവാദം നടത്തുന്നോ. നാണമില്ലേ ? .....(ബഹളം).....

ശ്രീ. ഉമ്മൻ ചാണ്ടി : സർ, .....(ബഹളം)..... എന്താ കാര്യം? അതൊന്നും വേണ്ട. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഞാനാണ് ആദ്യമായിട്ട് ഈ ചട്ടത്തിൽ മാറ്റം വരുത്തണമെന്നും സംസ്ഥാന ഗവൺമെന്റിന് അവകാശം വേണമെന്നും ആവശ്യപ്പെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക് : അപ്പോൾ അങ്ങ് പറഞ്ഞുവരുന്നത് അങ്ങ് പറഞ്ഞാൽ പോലും, നിങ്ങളെല്ലാം ഉത്തമബോദ്ധ്യത്തിൽ പറഞ്ഞാൽ പോലും കേൾക്കാത്ത ലോട്ടറി മാഫിയയ്ക്കുവേണ്ടിയുള്ള ഒരു കേന്ദ്ര സർക്കാരാണെന്നല്ലേ പറഞ്ഞുവരുന്നത്. ആയിക്കോട്ടേ.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അതുതന്നെയാണ് ഇന്നും ഞങ്ങളുടെ അഭിപ്രായം. പക്ഷേ ഒരു കാര്യമുണ്ട്. മന്ത്രി ഒന്ന് ധരിക്കണം. ഞങ്ങൾ ആ അഭിപ്രായം പറഞ്ഞ് കേന്ദ്രത്തിൽ മാറ്റം വരുത്താൻ വേണ്ടി ശ്രമിക്കുമ്പോൾ തന്നെ ഇവിടെ നിർത്തേണ്ടവരെ നിലയ്ക്ക് നിർത്താൻ ഒരു മാർഗ്ഗവുമില്ല എന്ന് വന്ന സാഹചര്യത്തിലാണ്, ചീഫ് സെക്രട്ടറി അടക്കമുള്ളവർക്ക് കോർട്ട് അലക്ഷ്യം വരുമെന്ന് കണ്ട സമയത്താണ് സംസ്ഥാന ലോട്ടറിവരെ നിരോധിച്ചുകൊണ്ടും സാന്റിയാഗോ മാർട്ടിനമാരെ കേരളത്തിന്റെ പടിക്കുപുറത്ത്, പാലക്കാടിനപ്പുറത്ത് നിർത്തിയത് യു.ഡി.എഫ്. ഗവൺമെന്റാണെന്ന് അങ്ങ് മറക്കരുത്.

മി. സ്പീക്കർ : യേസ്.....

ഡോ. തോമസ് ഐസക് : അവസാന വാക്ക്. നിങ്ങൾ ചെയ്തതെല്ലാം നമുക്ക് നന്നായിട്ട് അറിയാം. അവിടെ സുപ്രീം കോടതി പുതിയ നടപടി സ്വീകരിക്കരുത് എന്ന് പറഞ്ഞിട്ട്, കോർട്ട് അലക്ഷ്യമുണ്ടാക്കിയിട്ട് സുപ്രീം കോടതിയിൽ ചെന്ന്, പുതിയ കേസ്സുകളല്ല, എടുത്ത കേസ്സുകളും പിൻവലിച്ചുവെന്ന് പറഞ്ഞ് ഇവിടത്തെ കേരള ലോട്ടറിയടക്കം എല്ലാ ലോട്ടറിയും നിരോധിച്ചു. എന്നിട്ട് പുതിയ ലോട്ടറി നിയമം വന്നപ്പോൾ നിങ്ങൾ തന്നെയാണ് ഇവർക്കൊക്കെ രജിസ്ട്രേഷൻ നൽകിയത്. പിന്നെയും എന്തിനാണ് ഇങ്ങനെ നുണ പറയുന്നത് ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അങ്ങ് ഈ ഫയലെല്ലാം കയ്യിൽ വച്ചുകൊണ്ട് ഇങ്ങനെ പറയുന്നത് വളരെ നിർഭാഗ്യകരമാണ്. സംസ്ഥാനത്തിന്റെ ചീഫ് സെക്രട്ടറിക്കെതിരെ സുപ്രീം കോടതിയിൽ കോർട്ട ലക്ഷ്യകേസ് വരുന്ന അവസരത്തിൽ മാത്രമാണ് ഇവിടെ സ്റ്റേറ്റ് ലോട്ടറികൂടി നിരോധിച്ചുകൊണ്ടുള്ള നടപടിയെടുക്കുകയും ഒരു കാരണവശാലും ഓൺലൈൻ ലോട്ടറിക്കും അന്യസംസ്ഥാന ലോട്ടറിക്കും മുമ്പിൽ മുട്ടുകുത്തില്ലെന്നു പറഞ്ഞ് നടപടിയെടുക്കുകയും ചെയ്തത്.

ഡോ. തോമസ് ഐസക് : സർ, ഞാൻ അവസാനിപ്പിക്കുകയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, അങ്ങയെപ്പോലെയൊരാൾ ഇത്ര..... പ്രവർത്തനത്തിന് പോകുന്നത് വളരെ മോശമാണ്. ..... (ബഹളം).....

മി. സ്പീക്കർ : യെസ്..... യെസ്..... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, പ്ലീസ്....

ഡോ. തോമസ് ഐസക് : ഒരു വാചകവും പിൻവലിക്കില്ല. .... (ബഹളം) ....

(പ്രതിപക്ഷ നേതാവിനെതിരെ ധനകാര്യ വകുപ്പുമന്ത്രിയുടെ മോശം പരാമർശം പിൻവലിക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലേക്കിറങ്ങി)

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേയ്ക്ക് പോകണം... ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേക്ക് പോകണം. .... (ബഹളം).....

പ്ലീസ്.... പ്ലീസ്.... ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ... പ്ലീസ്... ബഹുമാനപ്പെട്ട മിനിസ്റ്റർ...

[പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റിലേക്ക് മടങ്ങിപ്പോയി.]

ഡോ. തോമസ് ഐസക് : സർ, ഒരു അടിസ്ഥാനത്തെളിവുമില്ലാതെ 25 കോടി, 150 കോടി എന്ന് അഴിമതിയാരോപണം നടത്തുന്നത് അടിസ്ഥാന രഹിതമായ കാര്യങ്ങൾ ..... (ബഹളം).... ഇത് *** പ്രവർത്തനമാണ്. അത് തന്നെയാണ് പറഞ്ഞത്. അത് പിൻവലിക്കാൻ ഉദ്ദേശിക്കുന്നുമില്ല *** എന്നു പറഞ്ഞാൽ നിലവാരമില്ലാത്തത്. അത് തന്നെയാണ് ഇവർ ചെയ്തുകൊണ്ടിരിക്കുന്നത്. ..... (ബഹളം)....

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഓരോരുത്തരും ഉപയോഗിക്കുന്ന ഭാഷ അവരവർക്ക് ചേരുന്നു..... അതുകൊണ്ട് എന്നെക്കുറിച്ച് *** എന്നു പറഞ്ഞതിൽ എനിക്ക് പരാതിയില്ല. പക്ഷേ ഈ സഭ നടക്കുമ്പോൾ ഇവിടെ ഞാൻ നോട്ടീസ് കൊടുത്തതിനുശേഷം ഇവിടെ പുറത്തുപോയി പത്രസമ്മേളനം നടത്തുക. ഇന്ന്, ഇപ്പോൾ പോയി നടത്തുക, ഞാൻ നോട്ടീസ് കൊടുത്തതിന് ശേഷം. ബാക്കിയുള്ളവരുകൂടി അറിയണം. അവിടെ നിന്നു കൂവുന്നവരറിയണം. ഞാൻ ഈ ..... (ബഹളം)....

മി. സ്പീക്കർ : പ്ലീസ്... പ്ലീസ്... യെസ്... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്....

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഞാൻ നോട്ടീസ് കൊടുത്തതിനുശേഷം ഈ സഭയിൽ നിന്നുപോയി പത്രസമ്മേളനം നടത്തുക. ഇന്നലെ സഭയിൽ പറഞ്ഞതിനു വ്യത്യസ്തമായി ഉദ്യോഗസ്ഥരെ ബലിയാടാക്കികൊണ്ട് ഇതിനകത്തുനിന്ന് തലയൂരാനായി ശ്രമിക്കുക. ആരാണ് ഇതിനകത്ത് ഈ നിലവാരമില്ലാത്ത നിലപാട്..... എന്ന് ജനങ്ങൾ മനസ്സിലാക്കട്ടെ. ഒരു തെളിവുമില്ലായെന്നു പറഞ്ഞാൽ... കേരളത്തിലെ ജനങ്ങൾക്കറിയാം ... (ബഹളം).... അതിനേക്കാൾ കൂടുതൽ മാർക്സിസ്റ്റ് പാർട്ടിയുടെ പ്രവർത്തകർക്കറിയാം. സാന്റിയാഗോ മാർട്ടിൻ ആരാണ്, അവരിൽ നിന്ന് രണ്ടു കോടി രൂപ ദേശാഭിമാനിക്ക് കിട്ടിയതെങ്ങനെയാണ്, അത് തിരിച്ചുകൊടുത്ത് നാണക്കേട് സഹിക്കേണ്ടിവന്നത് എങ്ങനെയൊക്കെയാണെന്നുള്ളത് അറിയാം. ഒരു തെളിവുമില്ലെന്നു പറഞ്ഞാൽ മിസ്റ്റർ ഐസക് ഇത് കേരളത്തിലെ ജനങ്ങൾക്കറിയാം. ഇന്ന് സാന്റിയാഗോ മാർട്ടിനും അങ്ങയുടെ പാർട്ടിയുമായിട്ടുള്ള ബന്ധം അത് എത്ര മറച്ചുവയ്ക്കാൻ ശ്രമിച്ചാലും നടക്കില്ല. ജനങ്ങളുടെ മനസ്സിലേക്ക് ഇറങ്ങിച്ചെന്നിട്ടുള്ള കാര്യമാണ്. അതിന് നടപടിയെടുക്കാൻ നിങ്ങൾക്ക് സാധിക്കുമോ എന്നുള്ളതാണ്.

*** സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം നീക്കം ചെയ്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതിനെക്കുറിച്ചൊരു വിശദീകരണമുണ്ട്. നോട്ടീസ് വന്നതിനുശേഷമല്ല പത്രസമ്മേളനം വിളിച്ചത്. ഞാൻ കാലത്ത് 8.30 മണിക്കുതന്നെ പത്രസമ്മേളനം വിളിക്കാൻ പറഞ്ഞു. കാരണം ഇന്ന് പത്രത്തിൽ വന്ന വാർത്തകൾ കണ്ടപ്പോൾ അതിന് വിശദീകരണം നൽകണമെന്ന് തോന്നി. അതിന് പത്രക്കുറിപ്പും നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യത്തെക്കുറിച്ചല്ല ഇത്. സമഗ്രമായിട്ട് ഒമ്പത് പോയിന്റുകളെക്കുറിച്ചാണ്. അപ്പോൾ അത് എന്റെ അവകാശമാണ്. നോട്ടീസ് നൽകുന്നത് അങ്ങയുടെ അവകാശം. അതിന് മറുപടിയും പറയുന്നു. എനിക്കും അതുപോലെ അവകാശമുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി : അങ്ങയുടെ അവകാശത്തെക്കുറിച്ചൊന്നും ഞാൻ ചോദിച്ചില്ല. പക്ഷേ ഇപ്പോൾ വകുപ്പുതല അന്വേഷണത്തിന് ഉത്തരവിട്ട അങ്ങ് എന്തുകൊണ്ടാണ് സമഗ്രമായൊരു അന്വേഷണത്തിന് തയ്യാറാകാത്തത്. അങ്ങ് അതിനെ ഭയപ്പെടുന്നു. കേന്ദ്ര ഗവൺമെന്റും കോടതിയുമാണെങ്കിൽ എന്തുകൊണ്ട്..... ഞാൻ ചോദിക്കുകയാണ്. അങ്ങേയ്ക്ക് എന്തെങ്കിലും അന്തസ്സുണ്ടെങ്കിൽ ഒരു അന്വേഷണത്തിന് വിധേയമാകണം എന്ന് വീണ്ടും ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ : യെസ്..... ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സംസാരിക്കുന്ന സന്ദർഭത്തിൽ പ്രതിപക്ഷ നേതാവിനെ സംബന്ധിച്ച് പറഞ്ഞ വാക്കിൽ *** എന്നുള്ള ഒരു പദപ്രയോഗം വന്നിട്ടുണ്ട്. അത് സഭാരേഖകളിൽ നിന്നും നീക്കം ചെയ്യുന്നു.

## V മേശപ്പുറത്തുവച്ച കടലാസുകൾ

I. ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. കേരള സംസ്ഥാന ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ 2005-06-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

2. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ (I.M.G) 2008-09-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

II. റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. ജി.ഒ(എം.എസ്.) നമ്പർ 105/2010/ഉവിവ. തീയതി 27-5-2010(എസ്.ആർ.ഒ നമ്പർ 519/2010)

---

* * * സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം നീക്കം ചെയ്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly